## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2833 **21.06.2012** - ൽ മറുപടിയ്ക്ക്

### കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകൾ

| ചോദ്യം<br>ശ്രീ. സി. കെ. സദാശിവൻ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിലെ കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായി അപകടഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ പ്രസ്തുത വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | ബി) കായംകുളം വില്ലേജാഫീസിന്റെ പുനരുദ്ധാരണത്തിന് വേണ്ടി 7 ലക്ഷം രൂപയുടെ ഭരണാനുമതി ലാന്റ് റവന്യൂ കമ്മീഷണർ നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞു. എഗ്രിമെന്റ് ആയാലുടൻ പണി ആരംഭിക്കുന്നതാണ്.<br>കൃഷ്ണപുരം വില്ലേജാഫീസ് കെട്ടിട നിർമ്മാണത്തിന് 4059-01-051-96 എന്ന ശീർഷകത്തിൽ നിന്നും 2012-13 സാമ്പത്തിക വർഷത്തിൽ 22.65 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണർ റവന്യൂ വകുപ്പിന് സമർപ്പിച്ച ശുപാർശയിൻമേൽ പ്രസ്തുത വകുപ്പ് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ